പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 341 — 06.03.2012-ൽ മറുപടിയ്ക്ക്

രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന മുഖേനയുള്ള വൈദ്യുതി കണക്ഷൻ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിൻെറ ഭാഗമായി രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന മുഖേന വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ ഏതെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | (എ) എല്ലാ ഗ്രാമീണഭവനങ്ങളും വൈദ്യുതീകരിക്കുന്നതിന് വേണ്ടി വൈദ്യുതി എത്തിയ്ക്കുക, ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക എന്നതാണ് രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ പദ്ധതിയുടെ പ്രധാന ലക്ഷ്യം.<br>റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻെറ മാനദണ്ഡമനുസരിച്ച് 100-ൽ കൂടുതൽ ജനങ്ങൾ താമസിക്കുന്ന കരകളിലെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ കണക്ഷൻ ലഭിക്കുന്നവർക്ക് ഏതെല്ലാം തരത്തിലുള്ള സൗജന്യമാണ് ലഭിക്കുന്നത് ; | (ബി) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കുന്നു. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി - പട്ടിക വർഗ്ഗത്തിൽ പെടുന്നവർക്ക് ഏതെല്ലാം നടപടി ക്രമങ്ങളും സൗജന്യങ്ങളുമാണ് ലഭിക്കുന്നത് ; വ്യക്തമാക്കാമോ ? | (സി) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള വൈദ്യുതി എത്തിക്കുക, ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ഈ പദ്ധതി വഴി പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെടുന്നവർക്കും അവരവരുടെ വീട് വൈദ്യുതീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.